(ഡി) വനം വകുപ്പിന്റെ പ്ലാന്റേഷനുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ആധുനിക വനവല്ക്കരണരീതികളെക്കുറിച്ചും ഫോം സ്റ്റെഡ് ഫോറസ്റ്ററിയെക്കുറിച്ചുമുള്ള ഗവേഷണ-പരിശീലന പരിപാടികൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്ലാന്റേഷനുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നിതിനുള്ള പദ്ധതികളുടെ നടത്തിപ്പിൽ ഉണ്ടാകുന്ന തൊഴിൽ സാദ്ധ്യത സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ തൊഴിൽ സാദ്ധ്യത യുടെ വിശദാംശം വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്ഥലത്തിന് യോജിച്ച വൃക്ഷഇനം തിരഞ്ഞെടുക്കുക, മുന്തിയ ഇനം വിത്തു സംഭരിക്കുക, ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ വളർത്തി യെടുക്കുക, ഗുണമേന്മ മെച്ചപ്പെടുത്താൻ വേണ്ടിയുള്ള ഗവേഷണങ്ങൾ നട ത്തുക, പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് തൈകൾ വച്ചു പിടിപ്പി ക്കുക, ജനിതക ഘടകം മെച്ചപ്പെടുത്തുവാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള തോട്ട ഉദ്യാനങ്ങൾ നിർമ്മിക്കുക, വിശിഷ്ടമായ മരങ്ങളുടെ ക്ളോണുകൾ വികസിപ്പിച്ചെടുക്കുക എന്നീ പ്രവർത്തനങ്ങൾ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കി വരുന്നു. കേരള ഫോറസ്ട്രി പ്രോജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു.

(സി) ഉണ്ട്. വനം വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് കുളത്തൂപ്പുഴ (കൊല്ലം സർക്കിൾ), ചെട്ടികുളം(തൃശ്ശൂർ സർക്കിൾ), വള്ളുവശ്ശേരി(ഒലവ ക്കോട് സർക്കിൾ), ചെറുവഞ്ചേരി(കോഴിക്കോട് സർക്കിൾ) എന്നീ സ്ഥലങ്ങളി ലാണ് കേന്ദ്രീകൃത നഴ്സറികൾ സ്ഥാപിച്ചിട്ടുള്ളത്.

(ഡി) വനം വകുപ്പിലെ 800 ഉദ്യോഗസ്ഥർക്ക് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നഴ്സറികളും തോട്ടങ്ങളും നിർമ്മിക്കുവാൻ വേണ്ടിയുള്ള പരിശീലനം നൽകിക്കഴിഞ്ഞു. ഫോം സ്റ്റെഡ് ഫോറസ്ട്രി എക്സ്റ്റൻഷൻ പരിപാടിക്കുവേണ്ടി നാല്പതു പേർക്ക് പരിശീലനം നൽകിയി ട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യകളെക്കുറിച്ച് രണ്ട് ശില്പശാലകൾ നടത്തു കയുണ്ടായി. ഇവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളുടെ പട്ടിക തയ്യാറാക്കി യിട്ടുണ്ട്.

(ഇ) പ്ലാന്റേഷനുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ നടത്തിപ്പിൻ ഏകദേശം 18.40 ലക്ഷം തൊഴിൽ ദിനങ്ങൾ ഉണ്ടാ കാൻ സാദ്ധ്യതയുണ്ട്.

15 (*225) കിഴങ്ങുവർഗ്ഗ കൃഷിയുടെ സാദ്ധ്യതകൾ

ശ്രീ. എ. കണാരൻ :
ശ്രീ. എം. നാരായണൻ(കുഴൽമന്ദം) :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് കിഴങ്ങുവിള കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കൃഷിയെ സംബന്ധിച്ച് എന്തെങ്കിലും ഗവേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ കിഴങ്ങുവർഗ്ഗ കൃഷിയുടെ ഉല്പാദനക്ഷമത മറ്റു രാജ്യങ്ങൾക്കൊപ്പമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് കിഴങ്ങുവർഗ്ഗ കൃഷിയെ കൂടുതൽ പ്രോൽസാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കേരളത്തിൽ അത്യുല്പാദനശേഷിയുള്ള ഒട്ടേറെ കിഴങ്ങു വിത്തിനങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം മുഴുവൻ മറ്റ് സംസ്ഥാനങ്ങൾക്കാണ് ലഭിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വ്യാവസായികാടിസ്ഥാനത്തിൽ കിഴങ്ങുവർഗ്ഗ കൃഷി നടത്തിയാൽ അത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ വർദ്ധന ഉണ്ടാക്കുമെന്ന് കരുതുന്നുണ്ടോ;

(എഫ്) ഒരു ആഹാരസാധനമെന്നതിനുപരി പശു, ജൈവ പ്ളാസ്റ്റിക്, കാലത്തീറ്റ, റൊട്ടി, ബേബിഫുഡ് എന്നിവ ഉല്പാദിപ്പിക്കാനുള്ള അസംസ്കൃത വസ്തുവായി കിഴങ്ങുവർഗ്ഗങ്ങളെ ഉപയോഗിക്കുന്ന എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശമുണ്ടോ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ):

(എ) കിഴങ്ങുവർഗ്ഗ കൃഷി പ്രോൽസാഹിപ്പിക്കാൻ 100% കേന്ദ്ര സഹായത്തോടെ ഒരു പദ്ധതി നടപ്പാക്കി വരുന്നുണ്ട്. 3.65 ലക്ഷം രൂപയാണ് പ്രസ്തുത പദ്ധതിക്ക് വക കൊള്ളിച്ചിട്ടുള്ളത്, ഈ പദ്ധതി പ്രകാരം 25 സെന്റ് വീതമുള്ള 250 പ്രദർശന തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് വിത്ത്, വളം, കീടനാശിനികൾ എന്നിവയ്ക്കായി 500 . രൂപ വീതം ആനുകൂല്യം നൽകുന്നു. കൂടാതെ 20 സെന്റിലേയ്ക്ക് ആവശ്യമായ വിത്ത്, വളം, കീടനാശിനി എന്നിവയ്ക്ക് ഒരു കർഷകന് (ഒരു മിനി കിറ്റിന്) 200 രൂപ വീതം ആനുകൂല്യം നല്കി 1200 മിനി കിറ്റുകൾ വിതരണം ചെയ്യുന്നതാണ്.

(ബി) കിഴങ്ങു വിളകളെ സംബന്ധിച്ച് ഗവേഷണങ്ങളുടെ മുഖ്യ ചുമതല കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രത്തിനാണ്.

(സി) ഉണ്ട്. സ്വീകരിക്കുന്നുണ്ട്.

(ഡി) ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരത്തെ കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രത്തിൽ ഉല്പാദിപ്പിക്കുന്ന അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ സർക്കാർ ഫാമുകൾക്കും കർഷകർക്കും നൽകുന്നുണ്ട്, കേരളത്തിന് യോജിച്ച വിത്തിനങ്ങൾ ഇവിടെത്തന്നെയാണ് വിതരണം ചെയ്യുന്നത്.

(ഇ) ഉണ്ട്.

(എഫ്)&(ജി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly